"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ്- തൃശ്ശൂർ ജില്ലയിൽ കൊടുങ്ങല്ലൂർ താലൂക്കിൽ ദുരന്ത സാധ്യത മേഖലയിൽ താമസിക്കുന്ന ശ്രീ.ബാബുവിനെ മാറ്റി പാർപ്പിക്കുന്നതിനു ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ദുരന്ത നിവാരണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.131/2026/DMD തീയതി,തിരുവനന്തപുരം, 09-03-2026

---

പരാമർശം:- 1. 23/08/2019 ലെ സ.ഉ(കൈ)നം.25/2019/ഡിഎംഡി

2. കൊടുങ്ങല്ലൂർ തഹസിൽദാരുടെ 01/08/2025 ലെ TLKKDR/1325/2024-A5 നമ്പർ കത്ത്

3. തൃശ്ശൂർ ജില്ലാ കളക്ടറുടെ 07/01/2026 ലെ DCTSR/12482/2025-A13 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

തൃശ്ശൂർ ജില്ലയിൽ ദുരന്ത സാധ്യതാമേഖലയിൽ താമസിക്കുന്ന കുടുംബങ്ങളെ കണ്ടെത്തുന്നതിനായി നിയോഗിച്ച വിദഗ്ധ സമിതി സമർപ്പിച്ച പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ദുരന്ത സാധ്യതാമേഖലയിൽ താമസിക്കുന്ന മേയ്ക്കാട്ടുപറമ്പിൽ കൊച്ചുരാമന്റെ മകൻ ബാബു എന്നവരുടെ സ്ഥലം ദുരന്ത സാധ്യത മേഖലയാണെന്ന് തൃശ്ശൂർ ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അംഗീകരിച്ചിട്ടുണ്ടെന്നും, പുനരധിവാസത്തിനായി അനുയോജ്യമായ ഭൂമി കണ്ടെത്തിയിട്ടുള്ളതായും, ടി വസ്തുവിന്റെ ഉടമസ്ഥരുമായി കരാറിൽ ഉൾപ്പെട്ടിട്ടുള്ളതായും, കൊടുങ്ങല്ലൂർ തഹസിൽദാർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) മേൽ സാഹചര്യത്തിൽ, കൊടുങ്ങല്ലൂർ താലൂക്കിലെ മേയ്ക്കാട്ടുപറമ്പിൽ കൊച്ചുരാമന്റെ മകൻ ബാബു എന്നിവർക്ക് പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിക്കുന്നതിനുള്ള മേൽ നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (3) പ്രകാരം തൃശ്ശൂർ ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) ദുരന്ത സാധ്യത മേഖലയിൽ ആണ് എന്ന് ജിയോളോജിക്കൽ സർവ്വേ ഓഫ് ഇന്ത്യയോ, സംസ്ഥാന ദുരന്ത നിവാരണ അതോറിട്ടി നിയോഗിച്ച വിദഗ്ദ്ധ സംഘമോ പഠനം നടത്തി, വാസയോഗ്യമല്ലായെന്ന് കണ്ടെത്തി ജില്ലാ ദുരന്ത നിവാരണ അതോറിറ്റി അംഗീകരിച്ച വീടുള്ള വസ്തുവിൽ നിന്നും മാറി വസ്തുവാങ്ങി വീട് നിർമിക്കുന്നതിനോ വീടും സ്ഥലവും ഒരുമിച്ച് വാങ്ങുന്നതിനോ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 10 ലക്ഷം രൂപ അനുവദിക്കാവുന്നതാണെന്ന് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ദുരന്ത സാധ്യത മേഖലയിലാണ് താമസിക്കുന്നതെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നിയോഗിച്ച വിദഗ്ധ സംഘം

കണ്ടെത്തിയ കൊടുങ്ങല്ലൂർ താലൂക്കിലെ മേയ്ക്കാട്ടുപറമ്പിൽ കൊച്ചുരാമന്റെ മകൻ ബാബു എന്നിവർക്ക് വസ്തുവാങ്ങി വീട് നിർമ്മിക്കുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 10 ലക്ഷം രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പൂജ ലാൽ കെ എ എസ്
അണ്ടർ സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ,ദുരന്ത നിവാരണം,തിരുവനന്തപുരം
ജില്ലാ കളക്ടർ, തൃശ്ശൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
റവന്യൂ (ഡി.ആർ.എഫ്) വകുപ്പ് (ഗുണഭോക്താക്കൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന്)
പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Vincent U**
**Date: 09-03-2026 17:42:29**
സെക്ഷൻ ഓഫീസർ